# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 21/ 02/ 2018


## കിഡ്സ് ഗ്ലോവിന്റെ കൊല്ലം ജില്ലാ തല സൈബർ ക്യാമ്പ്യയിൻ : സൈബർ ലോകത്ത് നമ്മുടെ കുട്ടികൾ സുരക്ഷിതരോ????

കൊല്ലം : സൈബർ ലോകത്ത് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ കേരള സംസ്ഥാന പോലീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതിയായ കിഡ്സ് ഗ്ലോവിന്റെ കൊല്ലം ജില്ലാ തല സൈബർ ക്യാമ്പ്യയിന്റെ ഉദ്ഘാടനം 21.02.2018 രാവിലെ 10 മണിക്ക് കൊല്ലം അയത്തിൽ ശ്രീനാരായണ പബ്ലിക്ക് സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് കൊല്ലം ജില്ലാ പോലീസ് മേധാവി ശ്രീ എ ശ്രീനിവാസ് ഐ. പി. എസിന്റെ അദ്ധ്യക്ഷതയിൽ ഇരവിപുരം എം.എൽ.എ. ശ്രീ. എം. നൗഷാദ് ഉദ്ഘാടനം ചെയ്തു.




സൈബർ ലോകത്ത് നിലനിൽക്കുന്ന ചതിക്കുഴികളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനായി കൊല്ലം സിറ്റി പോലീസ് ജില്ലയിലെ 75-ഓളം സ്കൂളികളിൽ നിന്നും തിരഞ്ഞെടുത്ത 300 -ഓളം വിദ്യർത്ഥികളേയും അതാത് സ്കൂളികളിൽ നിന്നുള്ള ഐ.റ്റി. അദ്ധ്യാപകരേയും പങ്കെടുപ്പിച്ചുകൊണ്ട് ആധുനിക ലോകത്തെ സംവേദന മാർഗ്ഗങ്ങളായ ഇലക്ട്രോണിക് ഉപകരണങ്ങളും അവയിൽ കോർത്തിണക്കപ്പെട്ട സോഷ്യൽ മീഡിയയിലെ ചതിക്കുഴികളെക്കുറിച്ചും അവയിൽ നിന്നും എങ്ങനെ മുക്തി നേടാമെന്നും ഇത്തരം സംവിധാനങ്ങളിൽ നിന്നും ഇവ എങ്ങനെ സുരക്ഷിതമായി ഉപയോഗിക്കാമെന്നും ആയതിന്റെ സാങ്കേതികത്വം കുട്ടികളിലേക്കും ഈ കുട്ടികൾ വഴി അതാത് സ്കൂളുകളിലെ മറ്റ് കുട്ടികളിലേക്കും നമ്മുടെ സമൂഹത്തിനും ഏറ്റവും ഉചിതമായി ഉപോയിക്കത്തക്കവണ്ണം സുരക്ഷിത മാർഗ്ഗത്തിലൂടെ ഇവ എങ്ങനെ കൈകാര്യം ചെയ്യണമെന്നും കൊല്ലം സിറ്റിയിലെ സൈബർ സെൽ വിദഗ്ദനായ ശ്യാം കുമാറും തിരുവനന്തപുരം സൈബർ ഡോം വിദഗ്ധരായ ആനന്ദ്, ഗിരീഷ്, അരുൺ, ശ്യാം എന്നിവരുടെ നേതൃത്വത്തിൽ ചർച്ചയും അവലോകനവും നടത്തുകയുണ്ടായി.



കുട്ടുകൾക്കിടയിൽ അമിതമായ ഇന്റർനെറ്റ് ഉപയോഗം മൂലം ഉണ്ടാകുന്ന മാനസിക പിരിമുറക്കത്തെക്കുറിച്ചും അതിന് ഒരു പരിധി വരെ ഉണ്ടാകാവുന്ന ശാശ്വത പരിഹാരത്തെക്കുറിച്ചും മനഃശാസ്ത്രഞ്ജനായ ഡോ. വികാഷ് വാസു ക്ലാസ്സിൽ ചർച്ച ചെയ്യുകയുണ്ടായി.



സൈബർ ലോകത്തെ ചതിക്കുഴികളെ ക്കുറിച്ച് കുട്ടികൾക്ക് നേരിട്ടി ബോദ്ധ്യമാകുന്ന വിധത്തിൽ ഡിജിറ്റൽ ഫോറസ്റ്റ് ഗെയിം മാക്ക് ലാബിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടിട്ടുള്ളതാണ്.

ഡി.സി.ആർ.ബി. എ.സി.പി. ശ്രീ എം ആർ സതീഷ് കുമാർ, സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി. ശ്രീ ഷിഹാബുദ്ദീൻ, എസ് എൻ പബ്ലിക്ക് സ്കൂൾ പ്രിൻസിപ്പൾ ശ്രീ എം ജി ബാബു എന്നിവർ ആശംസകൾ അർപ്പിച്ചു.